സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 237 2025 ഡിസംബർ 30 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണവില കുത്തനെ കുറഞ്ഞു; പവന് ലക്ഷത്തിന് താഴെ

കൊച്ചി: തുടർച്ചയായി രണ്ടാം ദിവസവും സ്വർണവില കുത്തനെ ഇടിഞ്ഞു. കഴിഞ്ഞ മൂന്ന് ദിവസമായി വെവ്വേറെ വില നിലവാരത്തിൽ വിപണനം നടത്തിയിരുന്ന കേരളത്തിലെ രണ്ട് സ്വർണവ്യാപാരി സംഘടനകളും ഇന്ന് ഒരേവിലയാണ് പ്രഖ്യാപിച്ചത്. ഗ്രാമിന് 12,485 രൂപയും പവന് 99,880 രൂപയുമാണ് ഇന്നത്തെ വില. കെ. സുരേന്ദ്രൻ, അഡ്വ. എസ്. അബ്ദുൽ നാസർ എന്നിവർ നേതൃത്വം നൽകുന്ന ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (ജി.എസ്.എം.എ) ഇന്ന് ഗ്രാമിന് 265 രൂപയും പവന് 2120 രൂപയുമാണ് കുറച്ചത്. ഇന്നലെ വൈകീട്ട് 1,02,000 രൂപയായിരുന്നു ഇവരുടെ വില.ഭീമ ഗോവിന്ദൻ, ജസ്റ്റിൻ പാലത്ര എന്നിവർ നേതൃത്വം നൽകുന്ന ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) ഇന്ന് ഗ്രാമിന് 230 രൂപയും പവന് 1,840 രൂപയും കുറച്ചു. ഇന്നലെ വൈകീട്ട് ഗ്രാമിന് 12765രൂപയും പവന് 1,02,120 രൂപയുമായിരുന്നു ഇവരുടെ വില.

ഡി. മണി എസ്ഐടിക്ക് മുന്നിൽ



തിരു : ശബരിമല സ്വർണക്കൊള്ളക്കേസിൽ ഡി. മണി എന്ന എം.എസ്. മണി പ്രത്യേക അന്വേഷണസംഘത്തിന് (എസ്ഐടി) മുന്നിൽ ഹാജരായി. ഈഞ്ചയ്ക്കലിലെ എസ്ഐടി ഓഫീസിലാണ് ഇന്ന് രാവിലെ അഭിഭാഷകർക്കൊപ്പം മണി എത്തിയത്. ഓഫീസിൽ ആദ്യമെത്തിയത് മണിയുടെ സുഹൃത്ത് ബാലമുരുകനും ഭാര്യയുമായിരുന്നു. പിന്നീടാണ് മണി എത്തിയത്. എസ്ഐടി സംഘത്തലവൻ എസ്. ശശിധരന്റെ നേതൃത്വത്തിലാണ് മണിയെ ചോദ്യം ചെയ്യുന്നത്.

ശബരിമല കേസുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും വിദേശവ്യവസായിയും നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് മണിയെയും ബാലമുരുകനെയും എസ്ഐടി ചോദ്യംചെയ്യാൻ വിളിപ്പിച്ചത്. അഭിഭാഷകർക്കൊപ്പമാണ് മണിയും ബാലമുരുകനുമെത്തിയത്.

വ്യവസായി നൽകിയ നമ്പർ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിലാണ് ഡി. മണിയിലേക്ക് എസ്ഐടി എത്തിച്ചേർന്നത്. താൻ ഡി. മണിയോ ദാവൂദ് മണിയോ അല്ലെന്നും സുഹൃത്ത് ബാലമുരുകന്റെ പേരിലുള്ള സിം ഉപയോഗിക്കുന്നേ ഉള്ളൂവെന്നും അന്വേഷണ സംഘത്തോട് നേരത്തെ മണി വ്യക്തമാക്കിയിരുന്നു. ശബരിമല സ്വർണക്കൊള്ള കേസ് പ്രതിയായ ഉണ്ണിക്കൃഷ്ണൻ പോറ്റിയെ കുറിച്ചോ മറ്റുള്ളവരെ കുറിച്ചോ കൊള്ളയെക്കുറിച്ചോ അറിയില്ലെന്നും പറഞ്ഞിരുന്നു.

മണിയെക്കുറിച്ച് മുൻപ് ദിണ്ടിഗൽ കേന്ദ്രീകരിച്ച് കൃത്യമായ അന്വേഷണത്തിനോ വിവരശേഖരണത്തിനോ എസ്ഐടിക്ക് സാധിച്ചിരുന്നില്ല. തുടർന്ന് ഇന്ന് ഹാജരാകാൻ നോട്ടീസ് നല്കുകയായിരുന്നു. മണിക്ക് സ്വർണക്കൊള്ളയുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന കാര്യമാണ് എസ്ഐടി പരിശോധിക്കുക.

എസ്ഐടി വിപുലീകരിച്ചു

തിരു : ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ എസ്ഐടി സംഘം വിപുലീകരിച്ചു. രണ്ട് സിഐമാരെ കൂടി ഉൾപ്പെടുത്തിയാണ് വിപുലീകരിച്ചത്. ഇതോടെ എസ്ഐടിയിൽ പത്ത് അംഗങ്ങളായി. സംഘം വിപുലീകരിക്കണമെന്ന് എസ്ഐടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോടതി അംഗീകാരം നൽകുകയും രണ്ട് സിഐമാരെ കൂടി ഉൾപ്പെടുത്തുകയുമായിരുന്നു.

അന്വേഷണവുമായി ബന്ധപ്പെട്ട ചില വിമർശനങ്ങൾ കോടതിയുടെ ഭാഗത്ത് നിന്ന് നേരത്തെ ഉണ്ടായിരുന്നു. അന്വേഷണത്തിൽ സ്തംഭനാവസ്ഥ ഉണ്ട് എന്ന് കോടതി ചൂണ്ടിക്കാട്ടിയിരുന്നു. ഇതുകൂടാതെ ജനുവരിയിൽ കോടതി നൽകിയിട്ടുള്ള സമയപരിധി അവസാനിക്കാനിരിക്കുകയാണ്. അതേസമയം അന്വേഷണം കൂടുതൽ പേരിലേക്ക് വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഇതൊക്കെ കണക്കിലെടുത്താണ് എത്രയും വേഗത്തിൽ അന്വേഷണം പൂർത്തിയാക്കാൻ വേണ്ടി കൂടുതൽ ഉദ്യോഗസ്ഥരെ എസ്ഐടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

'മനസിന്റെയും ഹൃദയത്തിന്റെയും യാത്രയാണ് ശിവഗിരി': ഉപരാഷ്ട്രപതി

തിരു : 93–ാമത് ശിവഗിരി തീർത്ഥാടനം ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര മന്ത്രി സുരേഷ് ഗോപി, മന്ത്രി എം ബി രാജേഷ്, ശശി തരൂർ എംപി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദയാണ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചത്.

'എത്രയോ വർഷങ്ങൾക്ക് മുമ്പ് ശ്രീനാരായണഗുരുജി നമ്മളെ പഠിപ്പിച്ച പാഠങ്ങൾ ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നു. മാത്രമല്ല ഇനി വരാനിരിക്കുന്ന കാലത്തും ആ ചിന്തകൾ നമ്മെ പ്രചോദിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇന്നിവിടെ പ്രകാശനം ചെയ്യപ്പെട്ട നാല് പുസ്തകങ്ങൾ സൂചിപ്പിക്കുന്നത് ഗുരുജിയുടെ തത്വങ്ങളും തത്വചിന്തകളും എല്ലാകാലത്തും ഗവേഷണം ചെയ്യപ്പെടുമെന്നതാണ്. വരും വർഷങ്ങളിലും ഗവേഷണങ്ങൾ നടക്കുമെന്നതിന്റെ തെളിവ് കൂടിയാണിത്.

ശശി തരൂർ എംപി, കേരള സർവകലാശാലയിലെ അദ്ധ്യാപകൻ തുടങ്ങിയവർ എഴുതിയ ഈ നാല് പുസ്തകങ്ങൾക്ക് പിന്നിലെ അധ്വാനത്തെ ഞാൻ അഭിനന്ദിക്കുന്നു. വിശ്വാസവും പ്രതീക്ഷയും പ്രത്യാശയുമായി ഇവിടെ എത്തിച്ചേർന്ന സർവജനങ്ങളോടും ഞാനെന്റെ മനസ് തുറന്ന് ആശംസ അറിയിക്കുന്നു. ഇന്ന് നിങ്ങളുടെ മുന്നിൽ ഇങ്ങനെ നിൽക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഇന്ന് 93–ാമത് തീർത്ഥാടനം ആഘോഷിക്കുന്ന വേളയിൽ, ഞാനിപ്പോൾ നിൽക്കുന്നത് വെറുമൊരു ഭൂമിയിലല്ല, മറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിലാണെന്ന് മനസിലാക്കുന്നു. മനസിന്റെയും ഹൃദയത്തിന്റെയും യാത്രയാണ് ശിവഗിരി. വേദാന്തത്തിന്റെ ഭൂമിയാണ്. നല്ല സംഘാടനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും നല്ലൊരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്വാമി പ്രവർത്തിച്ചത് – ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

തീർത്ഥാടന സമ്മേളനം നാളെ രാവിലെ 9.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ വിശിഷ്ടാതിഥിയായിരിക്കും. 50 ലക്ഷത്തിലധികം തീർത്ഥാടകർ ഇക്കുറി എത്തുമെന്നാണ് പ്രതീക്ഷ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമായി 150ലധികം പദയാത്രകൾ ശിവഗിരിയിലെത്തും. ഡി. 30, 31, ജനു. 1 തീയതികളിലായി നടക്കുന്ന തീർത്ഥാടനത്തിലെ ഭക്തജനത്തിരക്ക് കുറയ്ക്കാൻ ഡിസംബർ 15 മുതൽ തീർത്ഥാടനകാലം തുടങ്ങിയിരുന്നു.

ശിവഗിരി തീർത്ഥാടനത്തിനായി ശ്രീനാരായണഗുരുദേവൻ അരുൾചെയ്ത എട്ട് വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമ്മേളനങ്ങളാണ് ഓരോ ദിവസവും നടക്കുക.

ബസ് കൊക്കയിലേക്ക് മറിഞ്ഞ് അപകടം; 7പേർ മരിച്ചു

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ അൽമോറ ജില്ലയിലുണ്ടായ ബസ് അപകടത്തിൽ ഏഴ് പേർ മരിച്ചു. പതിനൊന്ന് പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. ഭിഖിയാസൈൻ–വിനായക് മോട്ടോർ റോഡിൽ സഞ്ചരിച്ചിരുന്ന ബസ് നിയന്ത്രണം വിട്ട് കൊക്കയിലേക്ക് മറിയുകയായിരുന്നു. ഭിഖിയാസൈനിൽ നിന്ന് രാംനഗറിലേക്ക് പോവുകയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്.

അപകടവിവരമറിഞ്ഞ ഉടൻ തന്നെ ദുരന്ത നിവാരണ സംഘം സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചു. പരിക്കേറ്റവരെ ഭിഖിയാസൈനിലെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്ന് ദുരന്ത നിവാരണ അറിയിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നുണ്ടെന്നും പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും ദുരന്ത നിവാരണ സേനാ ഓഫീസർ വിനീത് പാൽ പറഞ്ഞു. ബസ് അപകടത്തിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി അനുശോചനം രേഖപ്പെടുത്തി.

യുവാവിനെ പോസ്റ്റിൽ കെട്ടിയിട്ട് മർദിച്ചു

പാലക്കാട്: വാളയാറിൽ ഇതരസംസ്ഥാന തൊഴിലാളി ആൾകൂട്ട മർദനത്തിനിരയായ അതേ ദിവസം പാലക്കാട് എലപ്പുള്ളിയിൽ യുവാവിനെ പോസ്റ്റിൽ കെട്ടിയിട്ട് മർദിച്ചു. തേനാരിയിൽ ഒകരംപള്ളത്താണ് സംഭവമുണ്ടായത്. ഒകരംപള്ളം സ്വദേശി വിപിനാണ് മർദനമേറ്റത്. ഒകരംപള്ളം സ്വദേശികളായ ശ്രീകേഷ് (24), ആലാമരം സ്വദേശി ഗിരീഷ് എന്നിവർ സംഭവത്തിൽ അറസ്റ്റിലായി.

മുൻ എംഎൽഎ പി.എം മാത്യു അന്തരിച്ചു

കോട്ടയം: കടുത്തുരുത്തി മുൻ എംഎൽഎ പി എം മാത്യു (75) അന്തരിച്ചു. പാലായിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് രാവിലെയാണ് അന്ത്യം. വൃക്ക സംബന്ധമായ അസുഖങ്ങളാൽ ചികിത്സയിലായിരുന്നു. 1991 മുതൽ 1996 വരെ കടുത്തുരുത്തി മണ്ഡലത്തിലെ എംഎൽഎ ആയിരുന്നു.

വിശാൽ വധക്കേസ്; പ്രതികളായ 20 കാമ്പസ് ഫ്രണ്ട് പ്രവർത്തകരെയും വെറുതേവിട്ടു

ആലപ്പുഴ: എ.ബി.വി.പി. ചെങ്ങന്നൂർ നഗർ സമിതി അംഗമായിരുന്ന ആറന്മുള കോട്ട ശ്രീശൈലം വീട്ടിൽ വിശാലിനെ (19) കൊലപ്പെടുത്തിയ കേസിൽ കാമ്പസ് ഫ്രണ്ട് പ്രവർത്തകരായ എല്ലാ പ്രതികളേയും വെറുതേവിട്ടു. 20 പ്രതികളാണുണ്ടായിരുന്നത്. മാവേലിക്കര അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറഞ്ഞത്. മൂഴുവൻ പ്രതികളെയും വെറുതേവിട്ടു എന്ന ഒറ്റവരിയിലാണ് കോടതി വിധി പ്രസ്താവിച്ചത്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ വിധിപ്പകർപ്പ് പുറത്തുവന്നാലേ വ്യക്തമാവുകയുള്ളൂ. വിധി തിരിച്ചടിയായതിനു പിന്നാലെ മേൽക്കോടതിയിൽ അപ്പീൽ പോകുമെന്ന് പ്രോസിക്യൂഷൻ അറിയിച്ചു.

2012 ജൂലായ് 16–ന് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ബിരുദ വിദ്യാർഥികളെ സ്വാഗതം ചെയ്യാൻ ഒരുക്കിയ പരിപാടിയിൽ പങ്കെടുക്കാനെത്തിയ വിശാലിനെ മുൻകൂട്ടി തീരുമാനിച്ചപ്രകാരം സ്ഥലത്ത് എത്തിയ കാമ്പസ് ഫ്രണ്ട് പ്രവർത്തകർ കുത്തിക്കൊലപ്പെടുത്തി എന്നാണ് പ്രോസിക്യൂഷൻ കേസ്. വിശാലിനോടൊപ്പം ഉണ്ടായിരുന്ന എ.ബി.വി.പി. പ്രവർത്തകരായ വിഷ്ണുപ്രസാദ്, ശ്രീജിത്ത് എന്നിവർക്ക് ആക്രമണത്തിൽ പരിക്കേറ്റിരുന്നു.

ആദ്യം ലോക്കൽ പോലീസ് അന്വേഷിച്ച കേസിൽ പ്രതികളുടെ അറസ്റ്റു വൈകിയതിനെത്തുടർന്ന് ക്രൈംബ്രാഞ്ചാണ് അന്വേഷണം പൂർത്തിയാക്കിയത്. പ്രായപൂർത്തിയാകാത്ത ഒരാൾ ഉൾപ്പെടെ 20 പേർക്കെതിരേയാണ് കുറ്റപത്രം സമർപ്പിച്ചിരുന്നത്.

ദൃശ്യ കൊലക്കേസ് പ്രതി വിനീഷ് കുതിരവട്ടത്തുനിന്ന് ചാടിപ്പോയി; രക്ഷപ്പെട്ടത് ശൗചാലയത്തിലെ ചുമർ തുരന്ന്

കോഴിക്കോട്: പെരിന്തൽമണ്ണ ദൃശ്യ കൊലക്കേസ് പ്രതി വിനീഷ്, കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽനിന്ന് ചാടിപ്പോയി. ശൗചാലയത്തിന്റെ ചുമർ തുരന്നാണ് പ്രതി രക്ഷപ്പെട്ടത്. തിങ്കളാഴ്ച രാത്രി 11 മണിയോടെയായിരുന്നു സംഭവം. പോലീസ് വ്യാപകമായ തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. ഇത് രണ്ടാംതവണയാണ് പ്രതി കുതിരവട്ടത്തുനിന്ന് രക്ഷപ്പെടുന്നത്.

രണ്ടാഴ്ച മുൻപാണ് വിനീഷിനെ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞദിവസം ഒൻപതുമണി വരെ പ്രതി മുറിയിലുണ്ടായിരുന്നതായാണ് വിവരം. ഓരോ മണിക്കൂറിലും ഇവിടെ പതിവ് പരിശോധനയുള്ളതാണ്. എന്നാൽ, 11 മണിക്ക് പരിശോധനക്കായി എത്തിയപ്പോഴാണ് വിനീഷ് ചാടിപ്പോയതായി കണ്ടെത്തിയത്. ഉടൻ പോലീസിൽ വിവരമറിയിച്ചു. നിലവിൽ സിസിടിവി ദൃശ്യങ്ങളക്കം കേന്ദ്രീകരിച്ച് പോലീസിന്റെ തിരച്ചിൽ തുടരുകയാണ്.

2021–ലാണ് പ്രണയാഭ്യർഥന നിരസിച്ചതിന് പെരിന്തൽമണ്ണ സ്വദേശിനിയായ ദൃശ്യ(21)യെ വിനീഷ് കുത്തിക്കൊലപ്പെടുത്തിയത്. ദൃശ്യയുടെ പിതാവിന്റെ വ്യാപാരസ്ഥാപനത്തിന് തീയിട്ടശേഷമാണ് വീട്ടിൽ അതിക്രമിച്ചുകയറി പ്രതി പെൺകുട്ടിയെ കുത്തിവീഴ്ത്തിയത്.

റിമാൻഡിലായ വിനീഷിനെ കണ്ണൂർ സെൻട്രൽ ജയിലിലാണ് പാർപ്പിച്ചിരുന്നത്. ഇതിനിടെ, മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചതിനെത്തുടർന്ന് 2022 ൽ വിനീഷിനെ കുതിരവട്ടം മാനസികാരോഗ്യ ചികിത്സാകേന്ദ്രത്തിൽ പ്രവേശിപ്പിച്ചിരുന്നു. 2022–ലും പ്രതി കുതിരവട്ടത്തുനിന്ന് ചാടിപ്പോയെങ്കിലും പിന്നീട് പോലീസിന്റെ പിടിയിലായി. ഇതിനിടെ, കൊതുകുതിരി കഴിച്ച് ജീവനൊടുക്കാൻ ശ്രമിച്ച സംഭവവുമുണ്ടായി.

കഴിഞ്ഞ പത്താം തീയതിയാണ് വിനീഷിനെ വീണ്ടും കുതിരവട്ടത്ത് എത്തിച്ചത്. കണ്ണൂർ സെൻട്രൽ ജയിലിൽ വിചാരണത്തടവുകാരനായ വിനീഷിനെ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചതിനാലാണ് വീണ്ടും കുതിരവട്ടത്തെ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചത്.

പെൺകുട്ടിയെ ലഹരിമരുന്ന് നൽകി പീഡിപ്പിച്ച സംഭവം; നാലുപേർ അറസ്റ്റിൽ

കോഴിക്കോട്: പെൺകുട്ടിയെ ഫ്ളാറ്റിലെത്തിച്ച് ലഹരിമരുന്ന് നൽകി പീഡിപ്പിച്ച കേസിൽ രണ്ടുപേർ കൂടി അറസ്റ്റിലായി. കാസർകോട് സ്വദേശികളായ മുഹമ്മദ് റഹീസ്, മുഹമ്മദ് ഷമീം എന്നിവരാണ് ചൊവ്വാഴ്ച അറസ്റ്റിലായത്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം നാലായി. താമരശ്ശേരി പുതുപ്പാടി സ്വദേശി മുഹമ്മദ് സാലിഹ്, വരുവിൻകാലായിൽ ഷബീർ അലി എന്നിവരെ തിങ്കളാഴ്ച പോലീസ് അറസ്റ്റ് ചെയ്തിരുന്നു. വീടുവിട്ടിറങ്ങി കോഴിക്കോട്ടെത്തിയ പതിനാറുകാരിയെയാണ് പ്രതികൾ ലഹരി നൽകി പീഡിപ്പിച്ചത്.

മുഹമ്മദ് റഹീസ്, മുഹമ്മദ് ഷമീം എന്നിവരാണ് താമസസൗകര്യവും ഭക്ഷണവും വാഗ്ദാനം ചെയ്ത് കുട്ടിയെ കോഴിക്കോട് ബീച്ചിൽനിന്ന് പന്തീരങ്കാവിലെ ഫ്ളാറ്റിൽ എത്തിച്ചത്. ഇവിടെ വെച്ച് ലഹരിമരുന്ന് നൽകി. തുടർന്ന് അബോധാവസ്ഥയിലായ കുട്ടിയെ നാലുപേർ ചേർന്ന് പീഡിപ്പിക്കുകയായിരുന്നു. തുടർന്ന് ബീച്ചിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞു.

ഡിസംബർ 20–ാം തീയതിയാണ് പെൺകുട്ടി വീട് വിട്ടിറങ്ങിയത്. 21–ന് പുലർച്ചെ രണ്ടുമണിക്ക് ബീച്ചിൽവെച്ചാണ് മുഹമ്മദ് റഹീസ്, മുഹമ്മദ് ഷമീം എന്നിവർ ചേർന്ന് പെൺകുട്ടിയെ ഫ്ളാറ്റിലേക്ക് കൊണ്ടുപോയത്.

വിദ്യാർഥികളുമായി അടി, റോഡിൽ പോർവിളി; ബസ് ജീവനക്കാർക്ക് പോലീസ് ക്ലിയറൻസ് കർശനമാക്കുന്നു

വൈക്കം: സ്വകാര്യബസുകളിലെ ജീവനക്കാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പിസിസി) കർശനമാക്കുന്നു. മുമ്പ് ഇതുസംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മിഷണർ ഉത്തരവ് ഇറക്കിയെങ്കിലും കർശനമായിരുന്നില്ല.

ജീവനക്കാർ തമ്മിലും യാത്രക്കാരും വിദ്യാർഥികളുമായും തർക്കം, റോഡിൽ ഇറങ്ങി പോർവിളി തുടങ്ങിയ സംഭവങ്ങൾ വർധിച്ച സാഹചര്യത്തിലാണ് ഗതാഗതവകുപ്പിന്റെ നീക്കം.

സ്വകാര്യബസുകളിലെ ഡ്രൈവർ, കണ്ടക്ടർ എന്നിവർക്ക് ലൈസൻസും, ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ എന്നീ ജീവനക്കാർക്ക് പിസിസിയും നിർബന്ധമായും വേണം. അല്ലെങ്കിൽ ബസുകളുടെ പെർമിറ്റ് റദ്ദാക്കും. ഒരുവർഷമാണ് പിസിസിയുടെ കാലാവധി.

സേവ് ബോക്സ് ആപ്പ് തട്ടിപ്പിൽ കുരുങ്ങി ജയസൂര്യ; ഇഡി വീണ്ടും ചോദ്യംചെയ്തേക്കും

കൊച്ചി: നടൻ ജയസൂര്യയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) വീണ്ടും ചോദ്യം ചെയ്തേക്കും. സേവ് ബോക്സ് ആപ്പ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ടാണ് ജയസൂര്യയെ കഴിഞ്ഞ ദിവസം ചോദ്യം ചെയ്തത്. സ്ഥാപനത്തിൽനിന്ന് ജയസൂര്യ കൈപ്പറ്റിയത് തട്ടിപ്പിൽ നിന്നുള്ള പണമാണെന്ന നിഗമനത്തെത്തുടർന്നാണ് ചോദ്യം ചെയ്യൽ.

കൂടുതൽ അന്വേഷണത്തിനുശേഷം കണ്ടുകെട്ടൽ നടപടികളിലേക്ക് കടന്നേക്കും. സേവ് ബോക്സ് ആപ്പ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം കൂടുതൽ താരങ്ങളിലേക്ക് വ്യാപിപ്പിച്ചേക്കുമെന്നാണ് സൂചന.

കൊച്ചി ഇഡി ഓഫീസിൽ വിളിച്ചുവരുത്തിയായിരുന്നു ജയസൂര്യയെ ചോദ്യം ചെയ്തത്. നടനൊപ്പം ഭാര്യ സരിതയും ഹാജരായി. കഴിഞ്ഞ ബുധനാഴ്ചയും ജയസൂര്യയെ ഇഡി ചോദ്യംചെയ്തിരുന്നു.

ഓൺലൈൻ ലേലത്തിലൂടെ ഇലക്ട്രോണിക് ഉപകരണങ്ങൾ കുറഞ്ഞവിലയ്ക്ക് സ്വന്തമാക്കാമെന്ന പ്രചാരണം നൽകിയാണ് സേവ് ബോക്സ് ആപ്പ് 2019–ൽ അവതരിപ്പിച്ചത്. നടൻ ജയസൂര്യയടക്കമുള്ള സിനിമാതാരങ്ങൾ ആപ്പ് അവതരണച്ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. തൃശ്ശൂർ പോട്ടോർ കുറ്റൂർ എംകെ ഗാർഡൻസിൽ താമസിക്കുന്ന വിയ്യൂർ നെടിയപറമ്പിൽ സ്വാതിഖ് റഹീമായിരുന്നു സ്ഥാപന ഉടമ. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കാൻ സേവ് ബോക്സ് നൽകുന്ന വെർച്വൽ കോയിൻ പണംകൊടുത്ത് വാങ്ങണം. ഇത് ഉപയോഗിച്ചായിരുന്നു ലേലം.

സേവ് ബോക്സിന്റെ ഫ്രാഞ്ചൈസി നൽകാമെന്ന് പറഞ്ഞും സ്വാതിഖ് റഹീം പലരിൽനിന്നും ലക്ഷങ്ങൾ നിക്ഷേപമായി സ്വീകരിച്ചു. മാസം 25 ലക്ഷം രൂപവരെ ലാഭവും കമ്പനിയിൽ ഓഹരിപങ്കാളിത്തവുമായിരുന്നു വാഗ്ദാനം. തൃശ്ശൂർ കാളത്തോട് സ്വദേശി പരാതി നൽകിയതോടെയാണ് തട്ടിപ്പ് പുറത്തായത്. ഇയാളിൽനിന്ന് 21 ലക്ഷം രൂപ സ്വാതിഖ് റഹീം നിക്ഷേപമായി സ്വീകരിച്ചിരുന്നു. മറ്റുചിലരും കൂടി പരാതിയുമായി എത്തിയതോടെ 2023 ജനുവരിയിൽ സ്വാതിഖിനെ തൃശ്ശൂർ ഈസ്റ്റ് പോലീസ് അറസ്റ്റുചെയ്തു.

സാമ്പത്തികത്തട്ടിപ്പു നടത്തുന്ന ഓൺലൈൻ ആപ്പുകൾക്കെതിരേ കർശന നടപടികൾക്ക് കേന്ദ്രനിർദേശം വന്നതോടെയാണ് സേവ് ബോക്സ് തട്ടിപ്പിൽ ഇ.ഡി. കേസെടുത്തത്. സേവ് ബോക്സ് ബ്രാൻഡ് അംബാസിഡറാകാൻ ജയസൂര്യക്ക് കരാറുണ്ടെന്നും ഇ.ഡി. സംശയിക്കുന്നു.

24th Death Anniversary

Mrs. Mary Devassy Kollannur
Thrissur

നെല്ലുവായ് വൈകുണ്ഠ ഏകാദശി ആശംസകൾ

HARE KRISHNA
JEWELLERY
Kailas Nagar, Yesudas Road
KUNNAMKULAM
Sandeep : 9745836426

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശ്ശൂരിനെ ലഹരി വിമുക്ത നഗരമാക്കും: മേയർ ഡോ. നിജി ജസ്റ്റിൻ

തൃശൂർ: കേരളീയ സമൂഹം ഇന്ന് ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ലഹരിക്കെതിരെ തൃശൂർ കോർപറേഷൻ സർവ്വ ശക്തിയും ഉപയോഗിക്കുമെന്നും ലഹരി വിമുക്ത നഗരമാക്കി തൃശ്ശൂരിനെ മാറ്റുവാൻ മുന്തിയ പരിഗണന നൽകുമെന്നും മേയർ ഡോ നിജി ജസ്റ്റിൻ പ്രസ്താവിച്ചു. മദ്യ വിമോചന മഹാ സഖ്യത്തിന്റെ അനുമോദനം ഏറ്റുവാങ്ങിയ സന്ദർഭത്തിലാണ് മേയർ പ്രസ്താവിച്ചത്.

കൗൺസിലിന്റെ അംഗീകാരത്തോടെ ഡിവിഷൻ തോറും ലഹരിവിരുദ്ധ ജനകീയ കർമ സേന രൂപീകരിച്ച് നിതാന്ത ജാഗ്രത പുലർത്തുമെന്നും അതിന് നേതൃത്വം നൽകുവാൻ മദ്യ വിമോചന മഹാ സഖ്യം ഉണ്ടാകണമെന്നും ഡോ നിജി ജസ്റ്റിൻ പറഞ്ഞു.

ഡോ നിജി ജസ്റ്റിനെ മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫും ഡെപ്യൂട്ടി മേയർ എ പ്രസാദിനെ സംസ്ഥാന ജനറൽ സെക്രട്ടറി കെ എ മഞ്ജൂഷയും ഷാൾ അണിയിച്ചു. ജില്ലാ പ്രസിഡന്റ് ഹമീദ് മനക്കൊടി, ജില്ലാ സെക്രട്ടറി ബിന്ദു ജി മേനോൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

നഗരസഭാ ചെയർമാനും വൈസ് ചെയർപേഴ്സനും സ്വീകരണം നൽകി

ഇരിങ്ങാലക്കുട : നഗരസഭ ചെയർമാൻ എം.പി. ജാക്സണും വൈസ് ചെയർപേഴ്സൺ ചിന്ത ധർമ്മരാജനും ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബിൽ മാധ്യമ പ്രവർത്തകർ സ്വീകരണം നൽകി.

3 മാസത്തിനുള്ളിൽ ഇരിങ്ങാലക്കുടയിലെ മുഴുവൻ തെരുവ് നായ്ക്കളെയും ഷെർട്ടറിനുള്ളിലാക്കുമെന്ന് എം.പി. ജാക്സൺ സ്വീകരണവേളയിൽ പ്രഖ്യാപിച്ചു.

അടുത്ത ഒരു മാസത്തിനുള്ളിൽ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ലഭിക്കുന്ന ഫണ്ടുകൾ എല്ലാ വാർഡുകളിലേക്കും പങ്കിട്ടു കൊടുക്കുന്നതിനു പകരം മുൻഗണനാക്രമം അനുസരിച്ച് ഓരോ പദ്ധതികളും ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും ഈ കൗൺസിലിനെ ഓർത്ത് ആർക്കും തലകുനിക്കേണ്ട അവസ്ഥ ഉണ്ടാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചെയർമാന്റെ വികസന നയങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകി കൂടെ ഉണ്ടാകുമെന്ന് വൈസ് ചെയർപേഴ്സൺ ചിന്ത ധർമ്മരാജൻ പറഞ്ഞു.

ക്ലബ് പ്രസിഡന്റ് ഷോബി കെ. പോൾ അധ്യക്ഷത വഹിച്ചു. വി.ആർ. സുകുമാരൻ, ടി.ജി. സിബിൻ, കെ.കെ. ചന്ദ്രൻ, രാജീവ് മുല്ലപ്പിള്ളി, കെ.എ. റിയാസുദ്ദീൻ, നവീൻ ഭഗീരഥൻ തുടങ്ങിയവർ പ്രസംഗിച്ചു.

സെക്രട്ടറി അഞ്ചുമോൻ വെള്ളാനിക്കാരൻ സ്വാഗതവും ട്രഷറർ സി.കെ. രാഗേഷ് നന്ദിയും പറഞ്ഞു.

പുതുക്കാട് തെക്കേ തൊറവ് സെന്റ് ആന്റണിസ് പള്ളി തിരുനാളിന് കൊടിയേറി

പുതുക്കാട്: തെക്കേ തൊറവ് സെൻറ് ആന്റണിസ് പള്ളിയുടെ തിരുനാളിന് കൊടിയേറി. വെള്ളിയാഴ്ച വൈകിട്ട് 5.30ന് ഫാദർ ടിജോ മുള്ളക്കര നിർവഹിച്ചു. ഇടവക വികാരി ഫാദർ ക്രിസ്റ്റോൺ പെരുമാട്ടിൽ കൈക്കാരൻമാരായ തോമാസ് മുള്ളക്കര, ജിംസൺ കുറ്റിക്കാടൻ ജനറൽ കൺവീനർ ഷാജു മാപ്രാണത്തുകാരൻ സപ്ലിമെന്റ് കൺവീനർ ബ്രിട്ടോ ചക്കുംപീടിക, വളണ്ടിയർ കൺവീനർ വർഗ്ഗീസ് തെക്കേത്തല എന്നിവർ നേതൃത്വം നൽകി.

2026 ജനുവരി 3,4,5 തിയതികളിലാണ് തിരുന്നാൾ. ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

P.O.P. 16/2025

മുകുന്ദപുരം താലൂക്കിൽ മാടായിക്കോണം വില്ലേജിൽ കുഴിക്കാട്ടുകോണം ദേശത്ത് പടയാട്ടി വീട്ടിൽ ദേവസ്സി മകൻ പി ഡി ആന്റണി

-ഹരജിക്കാരൻ

മുകുന്ദപുരം താലൂക്കിൽ മാടായിക്കോണം വില്ലേജിൽ കുഴിക്കാട്ടുകോണം ദേശത്ത് പടയാട്ടി വീട്ടിൽ പി ഡി ആന്റണി ഭാര്യ ലാലി, ടിയിൽ ടി പടയാട്ടി വീട്ടിൽ പി ഡി ആന്റണി മകൻ അരുൺ ആന്റണി

-എതൃകക്ഷികൾ

മേൽനമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് മുതലായ കോടതി കല്പനകൾ കോടതിയിലും ടിയാരുയുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസിന്റെ വിചാരണ **14-01-2026** തീയ്യതിക്ക് വെച്ചിരിക്കുന്നു. ടി കേസ് കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ടി കേസിൽ നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതുമാണ്. ടി വിവരങ്ങൾ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 15-12-2025

ഹരജിഭാഗം അഡ്വക്കേറ്റ്

Akshay Pavan

ഇരിങ്ങാലക്കുട (ഒപ്പ്)

പ്രഥമ വർണ്ണക്കുട ഇന്നസെന്റ് സ്മാരക പുരസ്കാരം ടോവിനോ തോമസ്സിന് ഡോ.ആർ.ബിന്ദു സമ്മാനിച്ചു

ഇരിങ്ങാലക്കുട:പ്രഥമ വർണ്ണക്കുട ഇന്നസെന്റ് സ്മാരക പുരസ്ക്കാരം പ്രശസ്ത ചലച്ചിത്ര താരം ടോവിനോ തോമസ്സിന് വർണ്ണക്കുട സംഘാടക സമിതി ചെയർപേഴ്സനും ബഹു.ഉന്നത വിദ്യാഭ്യസ സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുമായ ഡോ.ആർ.ബിന്ദു സമ്മാനിച്ചു. അമ്പതിനായിരം രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനിച്ചത്. ചടങ്ങിൽ ഡോ.ആർ. ബിന്ദു അദ്ധ്യക്ഷത വഹിച്ചു, പ്രൊഫ.സാവിത്രി ലക്ഷ്മണൻ മംഗളപത്രം വായിച്ചു, ജൂനിയർ ഇന്നസെന്റ്, അശോകൻ ചരുവിൽ, പി.കെ.ഭരതൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. സംഘാടക സമിതി ജനറൽ കൺവീനറും ജില്ലാ പഞ്ചായത്തംഗവുമായ ജോസ് ചിറ്റിലപ്പിള്ളി സ്വാഗതവും പ്രോഗ്രാം കൺവീനർ അഡ്വ. മണികണ്ഠൻ നന്ദിയും പറഞ്ഞു.

തുടർന്ന് പല്ലവി, കുഴിക്കാട്ടുകോണം അവതരിപ്പിച്ച വീരനാട്യം, സുധ & പാർട്ടി ഇരിങ്ങാലക്കുട തെക്കെ മനവലശ്ശേരി എൻ.എസ്.എസ്. വനിതാ സമാജത്തിന്റെ തിരുവാതിരക്കളി, സംസ്ഥാന സ്കൂൾ കലോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച മലപ്പുലയാട്ടം, ഇരുള നൃത്തം, ശരണ്യ സഹസ്രയുടെ കഥക്, ബംഗാളി നാടോടിനൃത്തമായ പുരുളിയ ചാവ്, 'ഷഹബാസ് പാടുന്നു' ഗസൽ ചക്രവർത്തി ഷഹബാസ് അമൻ & ടീമിന്റെ ഗസൽ സംഗീതനിശ എന്നീ പരിപാടികൾ അരങ്ങേറി.

ഇരിങ്ങാലക്കുടയുടെ സാംസ്കാരികോത്സവമായ വർണ്ണക്കുടയുടെ അവസാന ദിനമായ ചൊവ്വാഴ്ച വൈകിട്ട് വരവീണ സ്കൂൾ ഓഫ് മ്യൂസിക് ഇരിങ്ങാലക്കുട കലൈ മാമണി മുടികൊണ്ടാൻ എസ്.എൻ രമേശ് ചെന്നൈ അവതരിപ്പിക്കുന്ന നാദസംഗമം, തൊച്ചാം ഇബി ദേവി ടീമിന്റെ മണിപ്പൂരി ഡാൻസ് ശേഷം അഞ്ചുദിവസമായി ഇരിങ്ങാലക്കുടയെ ഉത്സവാന്തരീക്ഷത്തിലേക്ക് എത്തിച്ച വർണ്ണക്കുടയിൽ ഇരിങ്ങാലക്കുടയിലെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമാപന സമ്മേളനം നടക്കും. ശേഷം 'താമരശ്ശേരി ചുരം' മ്യൂസിക് ബാന്റ് അരങ്ങേറും

ബഹു.ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ.ബിന്ദുവിന്റെ നേതൃത്വത്തിലാണ് ഡിസംബർ 26 മുതൽ 30 വരെ വേറിട്ട വിവിധ ദേശീയ സാംസ്കാരിക കലാപരിപാടികൾ ഉൾപ്പെടുത്തി മൂന്നാം വർഷവും വർണ്ണക്കുട സംഘടിപ്പിച്ചത്.

പ്രായശ്ചിത്തം പരിഹാരം

ഇരിങ്ങാലക്കുട : ശ്രീ കൂടൽമാണിക്യ ക്ഷേത്രത്തിൽ നടന്ന അഷ്ടമംഗല പ്രശ്ന പരിഹാരമായി നടക്കുന്ന വിളിച്ചു ചൊല്ലി പ്രായശ്ചിത്തം.

ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിൽ നടത്തിയ അഷ്ടമംഗല പ്രശ്നത്തിൽ പ്രതിപാദിച്ച പരിഹാര ക്രിയകളുടെ ഭാഗമായുള്ള വൈദികർ, ക്ഷേത്രേശർ, തന്ത്രിമാർ, മേൽശാന്തിമാർ, കമ്മിറ്റിയംഗങ്ങൾ, ക്ഷേത്രം ജീവനക്കാർ, ഭക്ത ജനങ്ങൾ എന്നിവർ ചേർന്നുള്ള വിളിച്ചു ചൊല്ലി പ്രായശ്ചിത്തം 2026 ജനുവരി 2-ാം തിയതി, വെള്ളിയാഴ്ച ഉച്ചപൂജയ്ക്കു ശേഷം (ഏകദേശം രാവിലെ 11.30 നോടെ) നടത്തുന്നതാണ്. എല്ലാ ഭക്തജനങ്ങളുടേയും മഹനീയ സാന്നിദ്ധ്യം സാദരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റത്തൂരിൽ സംഭവിച്ചത് കോലിബി അലയൻസിന്റെ തെളിവ് : അഡ്വ. ഷാജൻ മഞ്ഞളി

പുതുക്കാട്: മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽ കോൺഗ്രസ് ടിക്കറ്റിൽ കൈപ്പത്തി അടയാളത്തിൽ മത്സരിച്ചവർ വിജയത്തിനുശേഷം കോൺഗ്രസ് അംഗത്വം രാജിവച്ച് ബിജെപി അംഗങ്ങളോടൊപ്പം ചേർന്ന് പ്രസിഡണ്ട് വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥികളെ നിർത്തി വിജയിപ്പിച്ചത് കേരളത്തിലെ കോലിബി സഖ്യത്തിന്റെ തെളിവും ജനാധിപത്യ വഞ്ചനയും ആണെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി പ്രസ്താവിച്ചു. കോൺഗ്രസിനെ വോട്ട് ചെയ്ത് വിജയിപ്പിച്ച ജനങ്ങൾ വിഡ്ഢികളാക്കപ്പെട്ടു. കൈപ്പത്തി ചിഹ്നത്തിൽ വോട്ട് ചെയ്താൽ താമര വിരിയുമെന്ന് ജനാധിപത്യ മതേതര വിശ്വാസികൾക്ക് ബോധ്യമായി. കേരളത്തിൽ ജനാധിപത്യ മതേതര മൂല്യങ്ങൾ സംരക്ഷിക്കുവാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് മാത്രമേ സാധിക്കുകയുള്ളൂ എന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു കോൺഗ്രസിന് വോട്ട് ചെയ്താൽ വർഗീയ ഫാസിസ്റ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുമെന്നുള്ള അവസ്ഥയാണ് ഉള്ളത്. കോൺഗ്രസും ലീഗും ഒരേ പാരഡി ഗാനം പാടിയതും കോലിബി സഖ്യത്തിന്റെ തെളിവാണ്.

കുട്ടികൾക്ക് കരുതലായി അഹല്യ 'കൂടെ' പദ്ധതി

തൃശ്ശൂർ: പേരാമംഗലം അഹല്യ വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി "അഹല്യ ചൈൽഡ് കെയർ കണക്റ്റ് 'കൂടെ' എന്ന പീഡിയാട്രിക് കമ്മ്യൂണിറ്റി ടെലിമെഡിസിൻ പദ്ധതി 2025 ഡിസംബർ 29-ാം തീയതി ആരംഭിച്ചു.

തൃശൂർ പ്രസ്സ് ക്ലബ്ബിൽ വെച്ച് നടന്ന വാർത്താസമ്മേളനത്തിൽ അഹല്യ വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ സുധീർ മഠത്തിപ്പറമ്പിൽ 'കൂടെ' എന്ന പദ്ധതി ഔപചാരികമായി പ്രഖ്യാപിച്ചു. തൃശൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് സുരേഷ് കെ.ജി ബി.വി.പി സീനിയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ മനോജ് കെ.വി ക്ക് പദ്ധതിയുടെ പ്രിവിലേജ് കാർഡ് നൽകിക്കൊണ്ട് പരിപാടി ഉദ്ഘാടനം നിർവഹിച്ചു .

ഷേവിങ് ബ്ലേഡും പേപ്പർ സ്ട്രോയും കൊണ്ട് ജീവൻ പിടിച്ചു നിർത്തിയവരെ മജിലിസ് ആദരിച്ചു

തൃശൂർ: എറണാകുളം ഉദയംപേരൂരിൽ വെച്ചുണ്ടായ വാഹന അപകടത്തിൽ പരിക്കുപറ്റി റോഡരികിൽ അത്യാസന്ന നിലയിൽ കണ്ടെത്തിയ വഴിയാത്രികനെ തങ്ങളുടെ സമയബന്ധിതമായതും, ആത്മാർത്ഥവുമായ ഇടപെടൽ മൂലം ജീവൻ നിലനിർത്തുന്നതിന് ഷേവിങ് ബ്ലേഡും പേപ്പർ സ്ട്രോയും ഉപയോഗിച്ച് റോഡരികിൽ വെച്ച് മൊബൈൽ ടോർച്ചിന്റെ വെളിച്ചത്തിൽ സർജ്ജറി നടത്തിയ കേരളത്തിന്റെ അഭിമാനമായ മൂന്ന് ഡോക്ടർമാരെയും, പോലീസ് ഉദ്യോഗസ്ഥരെയും, ആംബുലൻസ് ജീവനക്കാരെയും ആധുനിക ചികിത്സ രംഗത്തെയും, സാംസ്കാരിക ജീവ കാരുണ്യ മേഖലയിലെയും പ്രമുഖർ തൃശൂർ മജ്ലിസ് ചാരിറ്റബിൾ ട്രസ്റ്റ് മുണ്ടൂർ മജ്ലിസ് പാർക്കിൽ വെച്ച് നടത്തിയ പരിപാടിയിൽ ആദരിച്ചു.

ഡോ. മനൂപ് ഭാസി, ഡോ. തോമസ് പീറ്റർ, ഡോ. ദിദിയ തോമസ്, ബിജു തോമസ് (സബ് ഇൻസ്പെക്ടർ), സുജിത്, വിൻസെന്റ് (CPO), അൽതാഫ്, ആഷിക് (ആംബുലൻസ് ഡ്രൈവർമാർ) എന്നിവർക്ക് മെമന്റോ നൽകുകയും, പൊന്നാട അണിയിക്കുകയും ചെയ്തു.

ഡോ മുഹമ്മദ് കാസിം (ശിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പ് യു.എ.ഇ) ഡോ. കെ.വി അബ്ദുൽ അസീസ് (എം.ഡി ദയ ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽ) ഡോ. സിറാജ്. (ഡോ, സിറാജുദ്ധീൻ മെഡിക്കൽ ഗ്രൂപ്പ് യു. എ. ഇ), എസ്. നജീബ്, (അസിസ്റ്റന്റ് ഡയറക്ടർ, കേരള പോലീസ് അക്കാദമി തൃശൂർ), അഡ്വ. എ.വൈ. ഖാലിദ്, തൃശൂർ, സി. എ സലിം (ചീഫ് പേട്രൺ മജ്ലിസ്) ബക്കർ പെൻകൊ (ചെയർമാൻ, മജ്ലിസ്), സി. എ ഷാഹുൽ ഹമീദ് (ജനറൽ സെക്രട്ടറി), റഷീദ് ആതിര (ജോയന്റ് സെക്രട്ടറി) എന്നിവർ മെമന്റോ സമർപ്പിച്ചു.

സി. പി. സാലിഹ് (CMD AASA ഗ്രൂപ്പ്), കരീം വെങ്കിടങ് (അൽ ഗൈത് അൽ മൂസ ട്രാവൽസ് യു.എ.ഇ.), പിബി അബ്ദുൽ ജബ്ബാർ (CEO & MD ഹോട്പാക്ക് ഗ്രൂപ്പ്), എം. എം മൊയ്ദുണ്ണി (CMD ഫാൽക്കൺ ഗ്രൂപ്പ്) എന്നിവർ പൊന്നാട അണിയിച്ചു.

സി.എ സലിം, ബക്കർ പെൻകൊ, സി. എ ഷാഹുൽ ഹമീദ്, ഡോ മുഹമ്മദ് കാസിം, എസ്. നജീബ്, ഷെഹീർ ഹംസ എന്നിവർ സംസാരിച്ചു.

ഡോ. മനൂപ് ഭാസി, ഡോ. തോമസ് പീറ്റർ, ബിജു തോമസ് (സബ് ഇൻസ്പെക്ടർ) എന്നിവർ മറുപടി പ്രസംഗം നടത്തി. സമൂഹത്തിലെ വിവിധ മേഖലകളിലെ മഹനീയ വ്യക്തികൾ സന്നിഹിതരായിരുന്നു.

പറപ്പൂർ നാഗത്താൻകാവ് ക്ഷേത്രത്തിലെ ജീവനക്കാരൻ ബൈക്ക് അപകടത്തിൽ മരണപ്പെട്ടു

തൃശ്ശൂർ: മുതുവറ ജംഗ്ഷനിൽ തിങ്കളാഴ്ച രാത്രിയിലുണ്ടായ വാഹനാപകടത്തെ തുടർന്ന് വല്ലച്ചിറ സ്വദേശിയും പറപ്പൂർ നാഗത്താൻ കാവ് ക്ഷേത്രത്തിലെ ജീവനക്കാരനുമായ താനൂർ വാരിയത്ത് രാജേഷ് (54) ആണ് മരിച്ചത്.

അമല ഭാഗത്തു നിന്ന് തൃശ്ശൂരിലേക്ക് ഇരുചക്രവാഹനത്തിൽ വരുന്നതിനിടെ രാജേഷിന്റെ വാഹനത്തിൽ മറ്റൊരു വാഹനം വന്നിടിക്കുകയായിരുന്നു. ഇടിച്ച വാഹനം നിർത്താതെ പോയി. രാത്രി എഴേകാലോടെ ആണ് അപകടം ഉണ്ടായത്. ഉടനെ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. ഭാര്യ : ഗീത, മക്കൾ സഞ്ജയ്, സ്നേഹ, മരുമകൻ : ദിലീപ്.

മണപ്പുറം ചീഫ് ഫിനാൻഷ്യൽ ഓഫീസറായി ഭുവനേശ് താരാശങ്കറിനെ നിയമിച്ചു

വലപ്പാട്- മണപ്പുറം ഗ്രൂപ്പ് ചീഫ് ഫിനാൻഷ്യൽ ഓഫീസറായി (ഗ്രൂപ്പ് CFO) ഭുവനേശ് താരാശങ്കറിനെ നിയമിച്ചു. ഗ്രൂപ്പിനു കീഴിലുള്ള എല്ലാ കമ്പനികളുടേയും സാമ്പത്തിക പ്രവർത്തനങ്ങളുടെ നേതൃത്വം ഇനി മുതൽ ഇദ്ദേഹത്തിനായിരിക്കും. മൂലധന കാര്യക്ഷമത, ദീർഘ കാലാടിസ്ഥാനത്തിൽ ഗുണ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഡയറക്ടർ ബോർഡും ഉന്നത നേതൃത്വവുമായിച്ചേർന്നാവും പ്രവർത്തനം.

ഇന്ത്യയിലും വിദേശ നാടുകളിലും പ്രമുഖ ബാങ്കിംഗ്, ഫിനാൻഷ്യൽ കമ്പനികളിൽ 3 പതിറ്റാണ്ടിലേറെ സേവന പരിചയമുള്ള ചാർട്ടേഡ് അക്കൗണ്ടന്റാണ് ഭുവനേശ് താരാശങ്കർ. സാമ്പത്തിക വളർച്ചാ തന്ത്രങ്ങൾക്കു രൂപം നൽകുന്നതിലും ബാലൻഷീറ്റ് കൈകാര്യം, നിക്ഷേപകരുമായുള്ള വിനിമയം എന്നീ മേഖലകളിലും അറിയപ്പെടുന്ന വിദഗ്ധനാണ്. മണപ്പുറം ഗ്രൂപ്പിലേക്കു വരുന്നതിനു മുമ്പ് RBL ബാങ്കിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസറായിരുന്നു. ജന സ്മാൾ ഫിനാൻസ് ബാങ്കിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ, സിറ്റി ബാങ്കിൽ ഇന്ത്യയിലും മിഡിലീസ്റ്റിലും ക്ലസ്റ്റർ കൺട്രോളർ, CFO പദവികളും വഹിച്ചിട്ടുണ്ട്. പ്രമുഖ ബാങ്കിംഗ്, ഫിനാൻഷ്യൽ സ്ഥാപനങ്ങളിൽ മികച്ച പ്രവർത്തന പരിചയമുള്ള ഭുവനേശ് താരാശങ്കർ ഗ്രൂപ്പ്ചീഫ്ഫിനാൻഷ്യൽ ഓഫീസർ പദവിയിലെത്തുന്നതോടെ കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകുമെന്ന് മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ പറഞ്ഞു.

അവിട്ടത്തൂർ വാരിയം കുടുംബ സംഗമം

അവിട്ടത്തൂർ : അവിട്ടത്തൂർ വാരിയം തറവാടിന്റെ 125-ാം വാർഷികം, കുടുംബസംഗമം അവിട്ടത്തൂർ വാരിയത്ത് വിവിധ പരിപാടികളോടെ നടന്നു. മുതിർന്ന അംഗം എ. രാമവാരിയർ ഭദ്രദീപം തെളിയിച്ചു. ഡോ. ആർ. രാജീവ് (ഡോക്ടർ, തിരുവനന്തപുരം റീജിനൽ ക്യാൻസർ സെന്റർ) സമ്മേളനം ഉദ്ഘാടനം ചെയ്തു. എ.ശങ്കരൻകുട്ടി വാരിയർ അധ്യക്ഷത വഹിച്ചു. എ.എസ്. മാധവൻ 80 വയസ്സ് കഴിഞ്ഞ കുടുംബാംഗങ്ങളെ ആദരിച്ചു. ടി. വിജയൻ വാര്യർ, വി.വി. ഗിരീശൻ , ഉഷദാസ് , എ.സി. സുരേഷ്, എ.എസ്. സതീശൻ, എ. അജിത്ത് കുമാർ, എ.ജയചന്ദ്രൻ, എ. അച്ചുതൻ എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ നടന്നു. എസ്. ശ്രീഹരി , അനീഷ് എസ്. ദാസ്, ഇ.കെ. വിഷ്ണുദാസ് , അരുൺ വാര്യർ, വി.വി. ശ്രീല, ഡോ. എ.വി. രാജേഷ് എന്നിവർ നേതൃത്വം നൽകി.

മോഷണം

പുതുക്കാട്: തെക്കേ തൊറവ് ശ്രീ പള്ളത്തപ്പൻ ക്ഷേത്രത്തിൽ ഇന്ന് പുലർച്ചെ മൂന്നു മണിക്ക് കള്ളൻ കയറി ക്ഷേത്ര ഭണ്ഡാരം പൊളിച്ചു പണം മോഷ്ടിച്ചു, പുതുക്കാട് പോലീസ് സ്ഥലത്തെത്തി നടപടിക്രമങ്ങൾ സ്വീകരിച്ചു

കോടതി പരസ്യം

ബഹു. ഡിസ്ട്രിക്ട് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ കമ്മീഷൻ തൃശ്ശൂർ മുമ്പാകെ

C.C. 382/2025

സുരേഷ്കുമാർ ഇ.കെ.

-ഹരജിക്കാരൻ

വിശ്വദീപ്തി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, റൂം നമ്പർ XXXI/459/31 3rdഫ്ളോർ, അൻസാരി കോംപ്ലക്സ്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ എന്ന സ്ഥാപനത്തിനെ പ്രതിനിധീകരിച്ച് ഡയറക്ടർ രജീഷ്.കെ.എം.

1-ാം എതൃകക്ഷി

പത്രപരസ്യം

മേനമ്പ് കേസ് **14-1-2026** തിയതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് 1-ാം എതൃകക്ഷിയോ ക്രമപ്രകാരം ചുമതലപ്പെടുത്തിയ അഭിഭാഷകനോ കോടതിയിൽ ഹാജരായി കേസ് കാര്യത്തിൽ ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളുടെ ഭാഗം കേൾക്കാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-12-2025

ഹരജിഭാഗം അഡ്വക്കേറ്റ്

സജി ജോസഫ് (ഒപ്പ്)

കായിക താരങ്ങൾ മാനസിക പക്വതയുള്ളവരാകണം

കുന്നംകുളം : ചിട്ടയായ കായിക പരിശീലനത്തിന്റെ പിരിമുറുക്കത്തിൽ കായികതാരങ്ങൾക്ക് മാനസിക പക്വത ആർജിക്കാനുള്ള പരിശീലന പദ്ധതികളും ഉൾപ്പെടുത്തുന്നത് കായിക ലോകത്തിന് ഗുണപരമാകുമെന്ന് മേജർ പി ജെ സ്റ്റൈജു.

ദേശീയ സ്കൂൾ ഗെയിംസുകളിൽ പങ്കെടുത്ത വിജയിച്ച വിദ്യാർത്ഥികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് ഗുരുവായൂരിൽ ഒരുക്കിയ ടെൻഷൻ ഫ്രീ ക്യാമ്പിൽ കായികതാരങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് 24 കേരള ബറ്റാലിയൻ അസോസിയേറ്റ്ഡ് എൻ.സി സി ഓഫീസറും അധ്യാപകനുമായ സ്റ്റൈജു അഭിപ്രായപ്പെട്ടു.

കൊറോണ കാലത്തിന് ശേഷം കുട്ടികളിൽ വലുതായ മാനസിക പിരിമുറുക്കം വർദ്ധിച്ചിട്ടുണ്ട് അതിനെ നേരിടാൻ ചിട്ടയായ മാനസിക പക്വതയാർന്ന പരിശിലനം അനിവാര്യമാണെന്നും അദ്ദേഹം കൂട്ടി ചേർത്തു. ഗുരുവായൂർ മുൻസിപ്പാലിറ്റി ഫെസിലിറ്റേഷൻ സെൻററിൽ സംഘടിപ്പിച്ച അഡ്വാൻസ്ഡ് സ്പോർട്സ് കോച്ചിംഗ് എംപവർമെന്റ് പ്രോഗ്രാം കേരള സ്റ്റേറ്റ് സ്പോർട്സ് ഓർഗനൈസർ ഹരിഷ് ശങ്കർ എൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ ഷിജു എസ് ദാസ് അധ്യക്ഷവഹിച്ച യോഗത്തിൽ ഡി പി ഐ ഉദ്യോഗസ്ഥനായ വൈശാഖ് ആശംസകൾ നേർന്നു.

കായിക പരിശീലകരായ അരവിന്ദാക്ഷൻ, നന്ദഗോപാൽ, സൂര്യാ, ശാന്തി, നധീഷ് എന്നിവർ പരിശീലനാനുഭവങ്ങൾ പങ്കുവെച്ചു. പരിപാടികൾക്ക് കായിക അധ്യാപകരായ മിഥുൻ എ എസ്, ശ്രീനേഷ് പി എം, മുഹമ്മദാലി,ജയരാജൻ കെ ബി, ഷാജി എ.കെ, മജീദ് കെ കെ, ഡോ : ജോസ്, ത്രിവിക്രമൻ എന്നിവർ നേതൃത്വം നൽകി. കുട്ടികളിലെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനായി ഫീൽഡ് ട്രിപ്പുകളുടെ ഭാഗമായി ചാവക്കാട് ബീച്ച്,എടക്കഴിയൂർ മറൈൻ വേൾഡ് തുടങ്ങിയ സ്ഥലങ്ങളും സന്ദർശിക്കുന്നുണ്ട്.

സംസ്ഥാന തലത്തിൽ മികവ് പുലർത്തുന്ന അത്‌ലറ്റിക്സ് വിഭാഗത്തിലെ കായിക താരങ്ങളെ ദേശീയ മത്സരങ്ങളിൽ വിജയം നേടാൻ